ജി. പ്രവീൺ

# കുമരകം യാത്ര

## കാണാതെ പോയാൽ കണ്ടില്ലന്ന് വരും

വികസന പ്രവർത്തനങ്ങളിലെ വീഴ്ചകൾ വരുത്തിവെയ്ക്കുന്ന വിനാശങ്ങൾ അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ് നമ്മൾ. കോടികൾ മുടക്കി വകയുന്ന കനാലുകൾ കാര്യമില്ലാതെ കരുതിവയ്ക്കുന്ന പെയ്ത്തുവെള്ളത്തിൽ രോഗങ്ങൾ പരത്താൻ കൊതുകുകൾ വളരും. അപ്രോച്ചുറോഡുകൾ അപ്രാപ്യമായ പാലങ്ങൾ വാനോളമുയർന്ന് നമ്മെ അതിശയിപ്പിക്കും. ഒരിക്കലും തീരാത്ത സർവ്വേകൾക്കിടയിൽ യാഥാർത്ഥ്യമാകാത്ത പാതകൾ നമ്മെ ആഗ്രഹിപ്പിക്കും. അവസാനമില്ലാത്ത പദ്ധതികൾക്കായി ആയിരം കോടികൾ വകയിരുത്തും. ജനം കഷ്ടപ്പെടുന്നതിന്റെ ഒരു വിഹിതം നികുതിയായി കിട്ടുന്നതും പോരാത്തതിന് നാടും അഭിമാനവും പണയപ്പെടുത്തി വിദേശകടമായും വാങ്ങുന്ന പണമാണ് വികസന പ്രവർത്തനങ്ങളെന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന ഈ പരിപാടികൾക്ക തകർക്കുന്നത്.

ചിലതുകണ്ടാൽ ഇതൊക്കെയെത്ര നിരുപദ്രവകരമായ വികസനപ്രവർത്തനങ്ങളെന്ന് നമുക്കാശ്വസിക്കേണ്ടിവരും. കുറഞ്ഞത് ആറുമാസമെങ്കിലും തികയുമ്പോൾ മെയിന്റൻസ് വികസനം നടത്തുവാനുള്ള സാധ്യതകൾ അവശേഷിപ്പിച്ചുകൊണ്ട് മാത്രമേ ഇവിടെ റോഡുകൾ പണിയാറുള്ളൂ. ഇപ്പോൾ റോഡു പണികളിലൂടെ വികസനത്തിന് പുതിയൊരു മാനം നൽകിയിരിക്കുകയാണ് നമ്മുടെ അധികൃതർ. സാമാന്യബുദ്ധിയിൽ മനസിലാക്കിയാൽ ഏറ്റവും കുറഞ്ഞത് ഒരു സൈക്കിളെങ്കിലുമില്ലാതെ പുറത്തിറങ്ങാൻ പാടില്ല എന്നുള്ളതാണ്. ഇപ്പോൾ റോഡുകളെല്ലാം വികാസം നേടി മുന്നേറുന്നത് കാൽനടക്കാരെന്ന അപരിഷ്കൃത വിഭാഗം ഉണ്ടാകരുതെന്ന ഉദ്ദേശ്യത്തോടെ നടപ്പാതകളെ വിസ്മൃതിയിലാക്കിക്കൊണ്ടാണ്.

നാട്ടിലെ ആകെ സ്ഥിതി ഇതാണെന്നിരിക്കെ എടുത്തുപറയാൻ കഴിയാത്ത അവസ്ഥയാണ് കോട്ടയം കുമരകം റോഡിന്റേത്. താഴ്ന്ന പ്രദേശങ്ങളേറെയുള്ളതാനാൽ ചുരുണ്ടിയ കുന്നുകളെ വഹിച്ചുകൊണ്ട് ടിപ്പർ ലോറികൾ മത്സരയോട്ടങ്ങൾ നടത്തുന്ന ഇടങ്ങളിലൊന്നാണ് ഈ പാത. ജലസമൃദ്ധമെങ്കിലും കുമരകം കുടിവെള്ളത്തിന് കഷ്ടപ്പെടുന്ന നാടാണ്. അതുകൊണ്ട് തന്നെ കുടിവെള്ളവുമായി ടാങ്കർലോറികളുടെ ഒരു പ്രവാഹം തന്നെയുണ്ട് ഈ റൂട്ടിൽ. കോട്ടയത്തു നിന്ന് വൈക്കം, ചേർത്തല, ആലപ്പുഴ, എറണാകുളം എന്നീ പ്രധാനകേന്ദ്രങ്ങളിലേക്ക് നിരവധി കെ.എസ്.ആർ.ടി.സി, പ്രൈവറ്റ് ബസുകൾ സർവ്വീസ് നടത്തുന്നു ഈ റോഡിലൂടെ. കൂടാതെ കുമരകം പ്രാധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രം കൂടിയായതിനാൽ വിദേശികളടക്കം എണ്ണിയാലൊടുങ്ങാത്ത യാത്രക്കാർ ഇതുവഴി വന്നുപൊക്കൊണ്ടിരിക്കുന്നു. വീതിയുടെ കാര്യത്തിൽ കാര്യമായ വികാസമില്ലാത്ത കോട്ടയം -കുമരകം ഈ റോഡിന്റെ വികസനം ചെന്നു നില്ക്കുന്നത് ഇരുവശങ്ങളിലായി നിൽക്കുന്ന ഇലക്ട്രിക്പോസ്റ്റുകളുടെ ചുവട്ടിലാണ്. നിയമപരമായി നിർബന്ധമെങ്കിലും സൈഡ് ഡോറുകൾ അനാവശ്യ അലങ്കാരമെന്നു കരുതി ഓടുന്ന

ബസുകളുടെ വാതിലുകളിൽ തൂങ്ങിക്കിടന്ന് രാവിലെയും വൈകുന്നേരവുമായി യാത്രചെയ്യുന്ന യാത്രക്കാർക്ക് ഒരു ഷോക്ക് ട്രീറ്റ്മെന്റായി ഇലക്ട്രിക് പോസ്റ്റുകൾ മാറാത്തത് ഭാഗ്യമന്നു മാത്രമേ പറയാനാവൂ. അതുപോലെ വളവുകളിൽ റോഡിലേക്കിറങ്ങിനിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ വാഹനങ്ങളെ വെല്ലു വിളിച്ചു നിൽക്കുകയാണ്. ഇടുങ്ങിയ വളവുകളിലടക്കം ഒന്നിറങ്ങി നിൽക്കാൻ പോയിട്ട് കാലുകുത്തുവാൻ പോലുമുള്ളയിടം അവശേഷിപ്പിക്കാതെയാണ് റോഡു വികസനം ചെന്നു നിൽക്കുന്നത്. ഇത് കാൽ നടയാത്രക്കാർക്കുയർത്തുന്ന ഭീക്ഷണി ചെറുതല്ല. റോഡിന്റെ നിലവാരം വർദ്ധിച്ചതിനൊപ്പം വാഹനങ്ങളുടെ വേഗതയും കൂടിയിരിക്കുകയാണ്. ഏതു വരയ്ക്കും അപ്പുറംവരെ പോയി ഓവർടേക്ക് ചെയ്യുന്ന നമ്മുടെ ശീലം കറുത്തറോഡിലെ വെളുത്ത വരകളെ അപ്രസക്തമാക്കുന്നു. നടപ്പാത ഇല്ലാത്തതിനാൽ ഇത് കാൽ നടക്കാർക്കും ബസ്സ്റ്റേപ്പിൽ കാത്തുനിൽക്കുന്നവർക്കും നടപ്പാതയില്ലാത്തതിനൽ ഒരേപോലെ ഭീക്ഷണിയാകുന്നു. അമിതവേഗതമൂലമുള്ള അപകടങ്ങൾ കുമരകം റൂട്ടിൽ നിത്യ സംഭവമായിരിക്കുന്നത് അധികൃതർ ഗൗരവമായി കാണണം. അതുപോലെ അധികൃതർ പരിഹാരം കാണേണ്ട ഗുരുതരപ്രശ്നമാണ് നടപ്പാതയില്ലാത്തതിലെ അപകടവും ഇരുവശങ്ങളിലുമായുള്ള ഇലക്ട്രിക് പോസ്റ്റുകൾ ഉയർത്തുന്ന വെല്ലുവിളിയും.

പലപ്പോഴും നമ്മുടെ കണ്ണുകൾക്ക് യഥാർത്ഥ കാഴ്ച ലഭിക്കണമെങ്കിൽ വലിയൊരത്യാഹിതം സംഭവിക്കണമെന്ന അവസ്ഥയുണ്ട്. പൊലിഞ്ഞ ജീവനുകൾക്കും തോരാത്ത കണ്ണുകൾക്കും മുമ്പിൽ നിന്നുകൊണ്ടാണ് നമ്മുടെ പ്രശ്നങ്ങളിൽ പ്രതികരിക്കുവാനും പരിഹാരം കാണുവാനും നമ്മൾ ശ്രമിക്കാറുള്ളത്. ഇവിടെ ഈ അവസ്ഥ ഒഴിവാക്കുവാൻ അധികൃതർ നടപടിയെടുക്കേണ്ടതാണ്. പ്രശ്നങ്ങൾക്ക് വലിയ വില നൽകിയ ശേഷം പരിഹാരം കാണാൻ ശ്രമിക്കുന്നതിലും നല്ലത് അതൊഴിവാക്കിക്കൊണ്ടുള്ള ഇടപെടലുകളാണ്. അതുതന്നെയാണ് ജനം ആഗ്രഹിക്കുന്ന വികസനവും.

റവ: ഡോ. എബ്രഹാം മുളമൂട്ടിൽ